കൂടാതെ ആഭ്യന്തര കലാപബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേക്കായി നോർക്കയുടെ ജോബ്പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേക്കായി ഷോർട്ട്ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറാക്കിവരുന്നു. ഇതിന് പുറമെ സൗദിഅറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യെമനിൽ നിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

പ്രവാസികൾക്കുള്ള വായ്പ

99 (4134) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വായ്പയ്ക്കായി 2014-15 വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; എത്രപേർക്കാണ് വായ്പ ലഭ്യമാക്കിയത് ;

(ബി) പ്രവാസികളുടെ കോടിക്കണക്കിനു രൂപ നിക്ഷേപമുള്ള ബാങ്കുകളാണ് വായ്പ നൽകാൻ മടി കാട്ടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി എന്താണെന്നറിയിക്കുമോ ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിരവരുമാനം കണ്ടെത്തുന്നതിനുമായി കേരളസർക്കാർ ആവിഷ്കരിച്ച നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി 2013 ജൂൺ 1 മുതൽ ജൂലൈ 15 വരെ അനുവദിച്ചിരുന്ന സമയ പരിധിക്കുള്ളിൽ 19690 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇവരുടെ അപേക്ഷ പരിശോധിച്ച് 6758 പേർക്ക് ബാങ്കിന്റെ നിബന്ധനകൾ പാലിച്ച് ലോൺ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുവാൻ പദ്ധതിയുമായി സഹകരിക്കുന്ന കാനറബാങ്ക്/യൂണിയൻ ബാങ്ക് എന്നീ ബാങ്കുകളിലേക്ക് ശുപാർശ കത്ത് നൽകിയിട്ടുണ്ട്. ഇതിൽ 976 പേർക്ക് കാനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേന ലോൺ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ പേർക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 22-6-2015-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ ടി വിഷയം ചർച്ച ചെയ്യുകയും കൂടുതൽ ബാങ്കുകളോട് ഈ പദ്ധതിയുമായി സഹകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

നോർക്കമുഖേനയുള്ള മരണാനന്തര ധനസഹായം

100 (4135) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് മരണമടയുന്നവർക്ക് നോർക്ക മുഖേന നൽകുന്ന സാമ്പത്തിക സഹായം എത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് മരണാനന്തര സഹായം നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദേശത്ത് ജോലിയിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതികൾ മുഖേന പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു.

നോർക്കയുടെ തിരിച്ചറിയൽകാർഡ് എടുത്തിട്ടുള്ള പ്രവാസികൾക്ക് അപകട മരണം സംഭവിച്ചാൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് പരമാവധി 2 ലക്ഷം രൂപ അനുവദിക്കുന്നു. വിദേശത്തുവച്ച് മരണമടഞ്ഞ വ്യക്തിയുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് എംബസിയോ സ്പോൺസറോ ചെലവു വഹിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നിബന്ധനകൾക്കു വിധേയമായി പരമാവധി 50,000 രൂപ അനുവദിക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly